JR (Mktg) Necessary follow up action
RL 28/1

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ്- സംസ്ഥാനത്തെ നെൽകർഷകരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണസംഘങ്ങൾ നേരിട്ട് നെല്ല് സംഭരിച്ച് സംസ്ഥാന തല നോഡൽ ഏജൻസികളായ കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ( കൺസ്യൂമർ ഫെഡ്), കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ( മാർക്കറ്റ് ഫെഡ്) എന്നീ സ്ഥാപനങ്ങൾ വഴി സംസ്ക്കരിച്ച് അരിയാക്കി ആഭ്യന്തര വിപണിയിൽ തന്നെ വിതരണം ചെയ്യുന്ന പദ്ധതി 2010 വിളവെടുപ്പ് കാലത്ത് ആരംഭിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

സഹകരണ (ബി) വകുപ്പ്

സ.ഉ (സാധാ) 44/2010/സഹ. തീയതി, തിരുവനന്തപുരം, 27.01.2010

---

പരാമർശം 1. 07.01.2010 ന് കേരള സംസ്ഥാന സഹകരണ-കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നെല്ല് സംഭരണം സംബന്ധിച്ച ഉന്നതതല യോഗതീരുമാനങ്ങൾ.

2. 13.01.2010 ന് കേരള സംസ്ഥാന സഹകരണ-കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നെല്ല് സംഭരണവുമായി ബന്ധപ്പെട്ടവരുടെ യോഗതീരുമാനങ്ങൾ.

3. സഹകരണസംഘം രജിസ്ട്രാറുടെ 31.12.09, 20.01.2010 ; 22.01.2010 എന്നീ തീയതികളിലെ എം.പി(7) 59067/09 നമ്പർ കത്തുകൾ.

## ഉത്തരവ്

(1) കേരളത്തിലെ കർഷകർ 2010 സീസണിൽ ഉത്പാദിപ്പിക്കുന്ന നെല്ല്, ഇപ്പോൾ നെല്ല് സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സിവിൽ സപ്ളൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കാത്ത പ്രദേശങ്ങളിൽ നിന്ന് സഹകരണസംഘങ്ങൾ വഴി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിച്ച് കുത്തി അരിയാക്കി ആഭ്യന്തര വിപണിയിൽ മിതമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് സഹകരണവകുപ്പിനെ ചുമതലപ്പെടുത്താൻ 05.12.2009 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിക്കുകയുണ്ടായി. മേൽതീരുമാനത്തിന്റെയും. പരാമർശം(1)ലെ യോഗ തീരുമാനങ്ങളുടെയും വെളിച്ചത്തിൽ 2010 സീസണിൽ സിവിൽ സപ്ളൈസ് കോർപ്പറേഷൻ സംഭരണം നടത്തുന്നതൊഴികെയുള്ള പ്രദേശങ്ങളിൽനിന്നുള്ള നെല്ല് സംഭരണം സഹകരണവകുപ്പ് ഏറ്റെടുത്തുകൊണ്ട് സഹകരണസംഘം രജിസ്ട്രാറുടെ പരാമർശം 4 ലെ അഭ്യർത്ഥന മാനിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഇപ്പോൾ നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നതൊഴികെയുള്ള പ്രദേശങ്ങളിൽ-നിന്നും നെല്ല് സംഭരിക്കേണ്ടതാണ്.

ii. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ( കൺസ്യൂമർ ഫെഡ്), കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ( മാർക്കറ്റ് ഫെഡ്) എന്നീ സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ നെല്ല് സംഭരണത്തിൻെറ സംസ്ഥാനതല നോഡൽ ഏജൻസികളായിരിക്കും.

iii. പ്രാഥമിക സഹകരണസംഘങ്ങൾ കർഷകരിൽ നിന്ന് അഴിമതിരഹിതമായും, സുതാര്യമായും, സത്യസന്ധമായും നേരിട്ട് നെല്ല് സംഭരിക്കേണ്ടതാണ്. എന്നാൽ ഏതെങ്കിലും കാരണവശാൽ സഹകരണസംഘങ്ങൾ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കാതിരുന്നാൽ സംസ്ഥാനതല നോഡൽ ഏജൻസികൾ കർഷകരിൽനിന്ന് നേരിട്ട് നെല്ല് സംഭരിക്കാവുന്നതാണ്.

iv. നെല്ലിൻെറ വില സംഭരണ സമയത്ത് തന്നെ കർഷകന് നൽകേണ്ടതും ടി തുക പിന്നീട് നോഡൽ ഏജൻസിയിൽ നിന്ന് റീ ഇംബേഴ്സ് ചെയ്തു വാങ്ങേണ്ടതുമാണ്.

v. നെല്ലിൻെറ താങ്ങുവില ക്വിന്റലിന് 1200 രൂപയായിരിക്കും.

vi. സംഭരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജുകൾ, മറ്റു ചാർജ്ജുകൾ എന്നിവയെ സംബന്ധിച്ച് ഗവൺമെന്റ് പിന്നീട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

vii. പ്രാഥമിക സംഘങ്ങൾ സംഭരിക്കുന്ന നെല്ല് നോഡൽ ഏജൻസികൾ കാലതാമസം വരുത്താതെ അവരിൽ നിന്ന് ഏറ്റെടുക്കേണ്ടതാണ്.

viii. നോഡൽ ഏജൻസികൾ പ്രൈമറി സംഘങ്ങളിൽ നിന്ന് സംഭരിച്ച നെല്ല് പെട്ടെന്ന് തന്നെ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകൾ വഴിയോ പ്രത്യേകം തെരഞ്ഞെടുത്ത റൈസ് മില്ലുകൾ വഴിയോ സംസ്ക്കരിച്ച് അരിയാക്കി ഗവൺമെന്റ് തീരുമാനത്തിന് വിധേയമായി പൊതു വിപണിയിൽ കൂടി വിതരണം ചെയ്യേണ്ടതാണ്.

ix. നെല്ല് സംഭരണ വേളയിൽ ആയത് തുടർന്ന് കൊണ്ടു പോകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുകയാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ ബാങ്ക് വഴി മിതമായ പലിശയ്ക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കേണ്ടതാണ്.

x. സഹകരണസംഘങ്ങൾ മുഖേനയുള്ള നെല്ല് സംഭരണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള ആനുകൂല്യങ്ങൾക്ക് ഉപരിയായി ന്യായമായ അധിക ചെലവുകൾ/നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് വഹിക്കുന്ന കാര്യം ഗവൺമെൻറ് പിന്നീട് പരിഗണിക്കുന്നതാണ്.

xi. നെല്ല് സംഭരണ വേളയിൽ എപ്പോഴെങ്കിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള അഴിമതി, അപഹരണം, ക്രമക്കേടുകൾ, എന്നിവ ശക്തമായി നേരിടുന്നതിന് ജില്ലാ തലത്തിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ( വിജിലൻസ്) നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്.

xii. 2010 സീസണിലെ സഹകരണസംഘങ്ങൾ മുഖേനയുള്ള കേരളത്തിലെ നെല്ല് സംഭരണ നടപടികളുടെ പ്രവർത്തന പുരോഗതി സസൂക്ഷ്മം വീക്ഷിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ ഓഫീസിൽ പ്രത്യേക സെൽ രൂപീകരിക്കേണ്ടതാണ്.

(2) കൂടാതെ നെല്ല് സംഭരണ പ്രക്രിയയുടെ മോണിറ്ററിംഗിനായി താഴെ പറയും പ്രകാരം സംസ്ഥാന - ജില്ലാ തല കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

**I. സംസ്ഥാന തല കമ്മിറ്റി**

| | | | |
|---|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകരണവും കയറും വകുപ്പു മന്ത്രി | - | ചെയർമാൻ |
| 2. | പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണവകുപ്പ് | - | അംഗം |
| 3. | സെക്രട്ടറി, സഹകരണവകുപ്പ് | - | അംഗം |
| 4. | ഡയറക്ടർ, വിജിലൻസ് വകുപ്പ് | - | അംഗം |
| 5. | പ്രസിഡൻറ്, സംസ്ഥാന സഹകരണ ബാങ്ക് | - | അംഗം |
| 6. | പ്രസിഡന്റ്, കൺസ്യൂമർ ഫെഡ് | - | അംഗം |
| 7. | ചെയർമാൻ, മാർക്കറ്റ് ഫെഡ് | - | അംഗം |
| 8. | മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണബാങ്ക് | - | അംഗം |
| 9. | മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ് | - | അംഗം |
| 10. | മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് | - | അംഗം |
| 11. | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ | - | അംഗം |
| 12. | പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ സംസ്ഥാനസെക്രട്ടറി/പ്രസിഡൻറ് | - | അംഗം |
| 13. | സഹകരണസംഘം രജിസ്ട്രാർ | - | കൺവീനർ |

**II. ജില്ലാതലകമ്മിറ്റികൾ**

| | | | |
|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് | - | രക്ഷാധികാരി |
| 2. | ജില്ലാ കളക്ടർ | - | ചെയർമാൻ |
| 3. | പ്രസിഡൻറ് , ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 4. | പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ | - | അംഗം |
| 5. | ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ഡിപ്പാർട്ടുമെന്റ് | - | അംഗം |
| 6. | ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 7. | കൺസ്യൂമർ ഫെഡ് പ്രതിനിധി | - | അംഗം |
| 8. | മാർക്കറ്റ് ഫെഡ് പ്രതിനിധി | - | അംഗം |
| 9. | സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രതിനിധി | - | അംഗം |
| 10. | പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി/പ്രസിഡൻറ് | - | അംഗം |
| 11. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | - | അംഗം |

(3) നെല്ല് സംഭരണം കാര്യക്ഷമമായി നടത്തുന്നതിന് പ്രസ്തുത കമ്മിറ്റി യഥാസമയം യോഗം ചേരേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്. നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കാലാകാലങ്ങളിൽ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.തങ്കപ്പൻ**
**ഗവൺമെന്റ് സെക്രട്ടറി**

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്
മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്
കൃഷിവകുപ്പ്
ഭക്ഷ്യപൊതുവിതരണ വകുപ്പ്
സംസ്ഥാന ജില്ലാതല അംഗങ്ങൾ ( സഹകരണസംഘം രജിസ്ട്രാർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.